(ii) 2009-10 പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി 50216 അപേക്ഷകൾ ലഭിച്ചിരുന്നു. അർഹത ഇല്ലാത്തതും ന്യൂനതകളുള്ളതുമായ 2194 അപേക്ഷകൾ നിരസിക്കുകയും 48022 പേർക്ക് സ്കോളർഷിപ്പ് അനുവദിക്കുകയും ചെയ്തു.

(iii) മെരിറ്റ് കം മീൻസ് സ്കോളർഷിപ്പിന് 2009-10 വർഷത്തിൽ 1233 അപേക്ഷകൾ ലഭിക്കുകയും സ്കോളർഷിപ്പുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) കേരളത്തിലെ എല്ലാ പ്രമുഖ ദിനപത്രങ്ങൾ വഴിയും ടിവി. ചാനലുകൾ വഴിയും പൊതുജനങ്ങൾക്ക് സ്കോളർഷിപ്പുകളെ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും നൽകിയിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും മറ്റു വിദ്യാഭ്യാസ ഉദ്യോഗസ്ഥർക്കും ഒരേ സമയം വീഡിയോകോൺഫറൻസിംഗ് നടത്തി വേണ്ട എല്ലാ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ ആകാശവാണിയിലൂടെയും അറിയിപ്പുകളും വിജ്ഞാപനങ്ങളും പ്രസിദ്ധീകരിക്കുന്നു. ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഹയർ സെക്കന്ററി ഡയറക്ടറേറ്റുകൾ വഴി അറിയിപ്പ് നൽകുന്നു. അപേക്ഷകളിൽ കണ്ടെത്തുന്ന ന്യൂനതകൾ എസ്.എം.എസ്. മുഖേന അപേക്ഷാർത്ഥികളെ അറിയിക്കുന്നു.

ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

41 (T 3787) ശ്രീ. സി. എഫ്. തോമസ് :
പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നും ഉള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഏതൊക്കെ സ്കോളർഷിപ്പുകളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഓരോ സ്കോളർഷിപ്പും എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രഗവൺമെന്റിൽ നിന്നും എത്ര തുക ഈ ഇനത്തിൽ ലഭ്യമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ലഭ്യമായ തുക മുഴുവൻ ചെലവഴിച്ചോ ;

(ഇ) അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുവാൻ സാധിച്ചോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) (i) പ്രീ-മെട്രിക് സ്കോളർഷിപ്പ്

(ii) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

(iii) മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്

(ബി) (i) പ്രീ-മെട്രിക് സ്കോളർഷിപ്പ് 1,61,590.

(ii) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - 48,022

(iii) മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് - 2622. (2007-08-ലെ പുതുക്കലും ഉൾപ്പെടെ)

(സി) (i) പ്രീ-മെട്രിക് സ്കോളർഷിപ്പ് - 12,24,04,425 രൂപ

(ii) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - 10,08,72,530 രൂപ

(iii) മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് - 3,09,16,162 രൂപ

(ഡി) പ്രീ-മെട്രിക് സ്കോളർഷിപ്പിലെ തുക മുഴുവനും വിതരണം നടത്തിയിട്ടുണ്ട്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 29,917 വിദ്യാർത്ഥികൾക്കായി 5,43,23,900 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 18,105 വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ഇ) കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പോസ്റ്റ് മെട്രിക്/മെരിറ്റ് കം മീൻസ് സ്കോളർഷിപ്പുകൾക്ക് അപേക്ഷ നൽകിയ എല്ലാ വിദ്യാർത്ഥികൾക്കും പ്രസ്തുത സ്കോളർഷിപ്പുകൾ അനുവദിച്ചിട്ടുണ്ട്. പ്രീ-മെട്രിക് സ്കോളർഷിപ്പിന് ലഭിച്ച 2,22,123 അപേക്ഷകളിൽ 1,61,590 വിദ്യാർത്ഥികൾക്ക് വരുമാനപരിധി അനുസരിച്ച് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

42 (3788) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട കുട്ടികൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നൽകുന്ന സ്കോളർഷിപ്പുകൾക്ക് അർഹതയുണ്ടോ ;

(ബി) നിലവിൽ ഇവർക്ക് എന്തെങ്കിലും സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ടോ ;

(സി) പ്രസ്തുത വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നില്ല എന്ന പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;